# INDIAN SCHOOL DARSAIT
## TERM I-SEPTEMBER2018
## SAMPLE PAPER
## MALAYALAM

Class: V Sec: ….                                                    Max.Marks:50

Date: ------------------------                                          Time: 2hrs

Name: …………………………..                                               Roll No:………

General Instructions

1. All the questions are compulsory
2. Answer all questions in a separate paper

**Q.I** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക. 5 X 1 = 5

വെസർനദിയുടെ തീരത്താണ് മനോഹരമായ ഹാമെലിൻ പട്ടണം. എന്തുകൊണ്ടും ഐശ്വര്യപൂർണ്ണമായ ഒരിടമായിരുന്നു അത്. പക്ഷേ നാശം പിടിച്ച എലികൾ കാരണം ജനജീവിതം ദുസ്സഹമായിത്തീർന്നു. എലികളെക്കൊണ്ട് ആളുകൾ വശംകെട്ടു. എല്ലാവരും ചേർന്ന് നഗരപിതാവായ മേയർക്ക് ഒരു നിവേദനം സമർപ്പിച്ചു. അതുവായിക്കാതെ തന്നെ മേയർക്ക് ജനങ്ങൾ അനുഭവിക്കുന്ന ദുരിതം മനസ്സിലാകുന്നുണ്ടായിരുന്നു. അദ്ദേഹം ജനപ്രതിനിധികളെ വിളിച്ചുകൂട്ടി ഒരു ആലോചനായോഗം നടത്തി. എലികളെ നശിപ്പിക്കാൻ പലരും പലപ്രതിവിധികളും നിർദ്ദേശിച്ചു. ഓരോന്നും പരീക്ഷിച്ചു നോക്കി. പക്ഷെ എലികൾ പെരുകുന്നതല്ലാതെ ഒന്നും കുറയുന്നില്ല. ഒടുവിൽ ഒരു വിളംബരം പുറപ്പെടുവിച്ചു.'ഹാമെലിൻ പട്ടണത്തിൽ നിന്ന് എലികളെ എന്നേക്കുമായി തുരത്തുന്നവർക്ക് ആയിരം പൊൻപണം സമ്മാനം.' ഒരുദിവസം മേയറുടെ മുൻപിൽ വിചിത്രവേഷധാരിയായ ഒരാൾ ഹാജരായി. അയാൾ ഒരു കുഴലൂത്തുകാരനായിരുന്നു.

a) ഹാമെലിൻ പട്ടണം ഏതുനദിയുടെ തീരത്തായിരുന്നു?
b) ജനജീവിതം ദുസ്സഹമായിത്തീർന്നതെങ്ങനെ?
c) ആർക്കാണ് ജനങ്ങൾ നിവേദനം സമർപ്പിച്ചത്?
d) എലികളെ തുരത്തുന്നവർക്ക് എന്തു സമ്മാനം നൽകും എന്നാണ് വിളംബരപ്പെടുത്തിയത്?
e) മേയറുടെ മുൻപിലെത്തിയ വിചിത്ര വേഷധാരി ആരായിരുന്നു?

**Q.II** ബ്രായ്ക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക 4X½ = 2

a) സ്നേഹഗായകൻ എന്നറിയപ്പെടുന്ന കവിയാര്?
(ജി.ശങ്കരക്കുറുപ്പ്, ഉള്ളൂർ, കുമാരനാശാൻ)
b) അന്തിമേഘങ്ങൾ പോലെ ചോക്കുന്നതെന്താണ്?
(കാട്, പാടം, ധര)
c) കേരളത്തിലെ ഏറ്റവും വലിയ നദിയേത്?
(പമ്പ, പെരിയാർ, ഭാരതപ്പുഴ)
d) ബാല്യം എന്ന കവിത ഏതു കൃതിയിൽ നിന്നും എടുത്തതാണ്?
(കളങ്കമറ്റകൈ, കളിക്കൊട്ട, കരുണ)

Q.III അർഥമെഴുതുക 4X ½= 2

a) ആധി b) സ്മിതം c) പുളകം d) രവം

Q.IV രണ്ടു പര്യായപദം വീതം എഴുതുക 3X 1= 3

a) ഇരുട്ട് b) പുഴ c) കുയിൽ

Q.V വിപരീതപദമെഴുതുക 4X ½= 2

a) നിയന്ത്രണം b) സംശയം c) ദരിദ്രൻ d) സ്വർഗം

Q.VI പിരിച്ചെഴുതുക 4X ½= 2

a) തൊട്ടിലാട്ടും b) മണ്ണൊലിപ്പ്
c) കേടറ്റ d) സന്തോഷമാകും

Q.VII നാനാർത്ഥം എഴുതുക 2X 1= 2

a) സാധു b) മതി

Q.VIII വാക്യത്തിൽ പ്രയോഗിക്കുക 2X 1= 2

a) സാവധാനം b) തക്കം നോക്കി

Q. IX അർത്ഥവ്യത്യാസം എഴുതുക 2X 1= 2

a) ക്ഷാമം–ക്ഷേമം b) ഭവനം–ഭുവനം

Q.X സർവ്വനാമം ചേർത്ത് പൂരിപ്പിക്കുക 3X½= 1½

a) ഉറുമ്പും അണ്ണാനും കന്നുകാലികളും പുഴകാണാനെത്തി ----പുഴ കണ്ട് ആഹ്ലാദിച്ചു.
b) ചിന്നു ഒരു പൂച്ചക്കുട്ടിയെ വാങ്ങി -------- അവളെ സ്നേഹത്തോടെ നോക്കി.
c) അരുൺ സമർത്ഥനാണ് ----------- എല്ലാത്തിലും ഒന്നാമനാണ്.

Q.XI നാമം,ക്രിയ,നാമവിശേഷണം,ക്രിയാവിശേഷണം ഇവ വേർതിരിച്ചെഴുതുക 7X½= 3½

a) നീലിമ വൃത്തിയുള്ള വസ്ത്രം ധരിച്ചു.
b) പ്രിയ മധുരമായി പാടി.

Q.XII പാഠപുസ്തകത്തിലെപ്പോലെ പൂരിപ്പിക്കുക. (ആറു വരി) 1X 3= 3

a) തൊട്ടിലാട്ടും ----------യേയുള്ളൂ.

Q.XIII ഒറ്റ വാക്യത്തിൽ ഉത്തരമെഴുതുക 4X 1= 4

a) വൻ തമസ്സിൻ മുളകൾ എന്ന് വിശേഷിപ്പിച്ചിരിക്കുന്നതെന്തിനെയാണ്?

b) കഥ കേട്ടുറങ്ങാം എന്ന കൃതി രചിച്ചതാരാണ്?

c) കുയിലുകൾ എന്തുചെയ്യുന്നു എന്നാണ് കവി പറയുന്നത്?

d) രാജഗുരു രാജാവിനോടു പറഞ്ഞ രഹസ്യം എന്താണ്?

6X½= 3

Q.XIV ശരിയായ അക്ഷരം തെരഞ്ഞെടുത്തെഴുതുക.

a) പ്ര----തി (ഗ്യ, ക്യ) b) സം-----വിച്ചു (ഭ, ബ)

c) ര------മി (സ്, ശ്) d) പൂ----വ്( ങാ, ക്കാ)

e) സഹപാ-----(ഠി, ടി) f) ശ-----രിച്ചു(ഗാ, കാ)

Q.XV ഉത്തരമെഴുതുക 3X 2= 6

a) രാജ്യത്തിൻെറ ദുരന്തത്തിനു കാരണമെന്ത്?

b) കുമാരനാശാൻെറ നാല് കൃതികളുടെ പേരെഴുതുക.

c) സുദാമൻ എങ്ങനെയുള്ള ആളായിരുന്നു?

Q.XVI ഒറ്റവാക്യമാക്കുക 2X 1= 2

a) കടുത്ത വേനൽക്കാലം വന്നു. ഭൂമി വരണ്ടുണങ്ങി.
b) മത്സരത്തിൽ വിജയിക്കാൻ ബുദ്ധി വേണം.
മത്സരത്തിൽ വിജയിക്കാൻ ശക്തി വേണം.

Q.XVII ഏതെങ്കിലുമൊരു വിഷയത്തെക്കുറിച്ച് അഞ്ചുവാക്യത്തിൽ കുറയാതെ എഴുതുക. 1X 5= 5

മാറിവരുന്ന ഭക്ഷണശീലങ്ങളും ആരോഗ്യ പ്രശ്നങ്ങളും

OR

എൻെറ അവധിക്കാലം